## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2058

06.02.2019 ൽ മറുപടിക്ക്

### മംഗലാപുരം - കൊച്ചി ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. രാജഗോപാലൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | മംഗലാപുരം - കൊച്ചി ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും ഈ പദ്ധതിക്കായി എത്ര കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | മംഗലാപുരം - കൊച്ചി ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി ഇക്കൊല്ലം പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി മൊത്തം 3,263 കോടി രൂപയാണ് ഗെയിൽ നീക്കി വെച്ചിരിക്കുന്നത്. |
| ബി) | ഗെയിൽ ഉപയോഗാനുമതിക്കാർക്കായി എത്ര കോടി രൂപയുടെ നഷ്ടപരിഹാരം നാളിതുവരെയായി നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് തുക നൽകേണ്ടതുണ്ടെന്നും അറിയിക്കാമോ? | (ബി) | കേരളത്തിൽ ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയ്ക്കായി ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയിലെ വിളകൾക്കും ഭൂമിയുടെ വിലയായും കേടുപാടുകൾ സംഭവിച്ച നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 275 കോടി രൂപ ഇതുവരെ പാസ്സാക്കിയിട്ടുണ്ട്.<br><br>ആയതിൽ 231 കോടി രൂപ ഭൂവുടമകൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. നിലവിൽ ഏകദേശം 7,500 ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുവാനുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നതനുസരിച്ച് കൈവശാവകാശം തെളിയിക്കുന്ന രേഖകൾ പരിശോധിച്ച് ബാക്കി നഷ്ടപരിഹാര തുക നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ